QP CODE: 25013048

25013048

Reg No : .....................

Name : .....................

# B.A DEGREE (CBCS) SPECIAL REAPPEARANCE EXAMINATIONS, FEBRUARY 2025

## Fifth Semester

## CORE COURSE - ML5CRT07 - CHERUKADHA,NOVEL

Common for B.A Malayalam Language and Literature Model I, B.A Malayalam Language and Literature Model II Copy Editing & B.A Malayalam Language and Literature Model II Copy Writing

2022 Admission Only

6AEE844E

Time: 3 Hours

Max. Marks : 80

*Instructions to Private candidates only: This question paper contains two sections. Answer SECTION I questions in the answer-book provided. SECTION II, Internal examination questions must be answered in the question paper itself. Follow the detailed instructions given under SECTION II*

**Part A**

*Answer any **ten** questions.*

*Each question carries **2** marks.*

1. “മാറാലകൾ ഒഴിവാക്കുക, മനസ്സിലും ജീവിതത്തിലും നിന്ന്” - ആര് ആരോട് പറഞ്ഞു.
2. “ചേട്ടനെക്കാൾ ഏഴെട്ട് വയസ്സ് ഇളപ്പമുണ്ടെനിക്ക്. ചേട്ടന്റെ ഇഷ്ടംപോലെ വിളിച്ചോളൂ”- സൂചിതമെന്ത് ?
3. വക്കു കീറിയ പായ മടക്കി ഇളകിക്കളിക്കുന്ന കാലുകളുള്ള സ്റ്റൂളിൽ വച്ചു- കഥയിലൂടെ വെളിപ്പെടുന്ന ദാരിദ്ര്യാവസ്ഥ എപ്രകാരമാണ്. ?
4. ഈ ഗോളപ്രശസ്തനുപുറമേ ആഗോളപ്രശസ്തനുമാകുന്നു സാമുവേൽ- എന്താണ് വിവക്ഷ ?
5. “മോനൊന്ന് അമ്മേന്ന് വിളി ”- ആര് ആരോട് പറയുന്നതാണിത് ?
6. “ആ പറഞ്ഞോളൂ. രസാവണുണ്ട് ദൂതവാക്യം”- ആര് ആരോട് പറഞ്ഞു.
7. വൈശാഖന്റെ കഥകളുടെ സവിശേഷതകൾ എന്തെല്ലാം.?
8. ഓർമ്മ എന്ന കഥയിലെ നായകന് സംഭവിച്ച ഓർമ്മക്കുറവിന്റെ തുടക്കം എവിടെനിന്നായിരുന്നു.?
9. സക്കറിയായുടെ കഥകളുടെ സവിശേഷതകൾ എന്തെല്ലാം ?
10. സി .അയ്യപ്പന്റെ കഥാലോകം വിവരിക്കുക.
11. ഉട്ടോപ്യ എന്ന കഥയിലെ മാന്ത്രികവനത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?
12. കറുത്ത കുപ്പായക്കാരി എന്ന കഥ ദളിത് പ്രത്യയശാസ്ത്രത്തെ എങ്ങനെ പ്രതിഫലിപ്പിക്കുന്നു. ?

(10×2=20)

**Part B**

*Answer any **six** questions.*

*Each question carries **5** marks.*

13. സൂരിനമ്പൂതിരിപ്പാടിനെ ചന്തുമേനോൻ അവതരിപ്പിച്ചിരിക്കുന്നത് എപ്രകാരമാണ്.?

14. ആധുനികതയുടെ എന്തെല്ലാം പ്രത്യേകതകളാണ് ഖസാക്കിന്റെ ഇതിഹാസത്തിൽ പ്രകടമാകുന്നത്.

15. മാനവികദർശനം മിണ്ടാപ്പെണ്ണെന്ന നോവലിന് മിഴിവേകുന്നത് എങ്ങനെയെന്ന് വിവരിക്കുക.

16. കൊലയാളി തിരമാലകളെക്കുറിച്ചുള്ള ധനലക്ഷ്മിയുടെ സ്വപ്നം മുന്നോട്ടു വയ്ക്കുന്ന പാരിസ്ഥിതികപ്രശ്നം വിശകലനം ചെയ്യുക.

17. ചങ്ങമ്പുഴയുടെ' രമണൻ' എന്ന കാവ്യത്തിന്റെ സ്ത്രീപക്ഷവായനയാണോ 'രമണി'- വിലയിരുത്തുക.

18. ഹാൻഡ്ബാഗിലെ മുത്തശ്ശി, അമ്മ, മകൾ എന്നിവരുടെ കാഴ്ചപ്പാടുകളെ തലമുറകളുടെ വ്യത്യസ്തതകളനുസരിച്ച് വിലയിരുത്തുക.

19. ശകുനം എന്ന കഥ അനാവരണം ചെയ്യുന്ന സമകാലിക ജീവിതാവസ്ഥകൾ എന്തെല്ലാം ?

20. പച്ചപ്പട്ടുസാരി എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

21. ആധുനികാനന്തരകഥകളുടെ സവിശേഷതകൾ ദിനോസറിന്റെ കുട്ടി എന്ന കഥയിൽ എങ്ങനെയെല്ലാം അവതരിപ്പിച്ചിരിക്കുന്നു.

(6×5=30)

**Part C**

*Answer any **two** questions.*

*Each question carries **15** marks.*

22. കീഴ്ജാതി വിഭാഗങ്ങൾക്ക് അധിനിവേശാധുനികത തുറന്നുകൊടുക്കുന്ന വിമോചകസാധ്യതകളെക്കുറിച്ച് അതിയായ പ്രതീക്ഷയും വിശ്വാസവുമാണ് നോവലിസ്റ്റ് ഉടനീളം പുലർത്തുന്നത്- 'സരസ്വതീവിജയ'ത്തെ ആസ്പദമാക്കി ഈ പ്രസ്താവന പരിശോധിക്കുക.

23. സമൂഹമനസ്സിലുണ്ടാകുന്ന സൂക്ഷ്മചലനങ്ങളെ കഥാപാത്രങ്ങളിലൂടെ പ്രതിഫലിപ്പിക്കാൻ സാറാജോസഫിന് കഴിയുന്നു- ഈ പ്രസ്താവന വിശദമാക്കുക.

24. 'ഉളി പിടിച്ച കയ്യ് ' എന്ന കഥയിൽ അനാവൃതമാകുന്ന ജന്മികുടിയാൻ വ്യവസ്ഥിതിയുടെ സാമൂഹിക പശ്ചാത്തലം വിവരിക്കുക.

25. ഉത്തരാധുനികതയുടെ ചെറുകഥകൾ വിശദീകരിച്ച് ആദം എന്ന കഥയുടെ സവിശേഷതകൾ വിലയിരുത്തുക.

(2×15=30)